# മാര്ട്ടിന്ലൂതര്ക്കിംഗ് (ജൂനിയര് അക്രമരഹിതസമരത്തിലെ ശരിയെന്ന് ലോകം തെളിയിക്കുന്നു

## How the world is proving Martin Luther King right about nonviolence

**Erica Chenoweth and Maria J. Stephan**

Washington Post, January 18, 2016
Translation: March 2018

# മാര്ട്ടിന്ലൂതര്കിംഗ് (ജൂനിയര് അക്രമരഹിതസമരത്തിലെ ശരിയെന്ന് ലോകം തെളിയിക്കുന്നു

എറിക്കാ ചെനേവേത്തും മറീനാ ജെ സ്റ്റീഫനു ചേര്ന്നെഴുതിയ ലേഖനം ജനുവരി 18 2010



യെമെന് വിപ്ലവകാരി തവാക്കോള് കര്മാന് (വലതുവശം വെള്ള സ്കാഫ് ധരിച്ച സ്ത്രീ) സ്ത്രീകളുടെ അവകാശങ്ങള്ക്ക് വേണ്ടി അക്രമരഹിത സമരം നയിച്ചതിന് നോബല് സമ്മനം നേടി സുദര്ശനന് രാഘവന് ഫോട്ടോ എഡിറ്റര്

**'ഞാന് ഇന്ത്യയില് നിന്നും തിരിച്ചു പോകുന്നത് എന്നത്തേക്കാളും അക്രമരഹിതസമരം അടിച്ചമര്ത്തപ്പെട്ടവര്ക്ക് അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങള് ഏറ്റവും ശ്കതിയേറിയ ആയുധമാണെന്ന് വിശ്വസിച്ചു കൊണ്ടാണ്' - മാര്ട്ടിന് ലൂതര് കിംഗിന്റെ ആത്മകഥ**

**ക്ലോബോണ് കാര്സന് എഡിറ്റു ചെയ്തത്**

2011 മുതല് ആ ലോകം ഒരു കലഹപൂര്ണ്ണമായ സഥ്ലമായി മാറിയിരിക്കുകയാണ്. വിപ്ലവങ്ങള് മിഡില് ഈസ്റ്റില് പൊതുവേ കാണപ്പെട്ടു സഹേല്, തെക്കേ ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലും നിരന്തരസമരങ്ങളാണ്.
ആക്രമസക്തമായ സമരങ്ങള് ഒരിക്കലും ജനങ്ങളുടെ പരാതികള്ക്ക് പരിഹാരം കാണാനും സിവില് സമരങ്ങള് ഇല്ലാതാക്കാനും പ്രാഥമിക മാര്ഗ്ഗമായി കാണുന്നില്ല. അതിനു പകരം ടുണീസ് മുതല് താഹിര് സ്വകയര് വരെയും സുക്കോട്ടിപാര്ക്ക് മുതല് ഫെര്ഗുസണ് വരെയും ബുര്ക്കിനാഫാസോ മുതല് ഹോങ്ങ്കോങ്ങ് വരെയുമുള്ള എല്ലാ സമരങ്ങളും ഗാന്ധിജിയുടെയും മാര്ട്ടിന് ലൂതര്കിംഗിന്റെയും പാഠങ്ങള് ഉള്ക്കൊണ്ടു ഓരോ വിപ്ലവകാരിയും പരിവര്ത്തിനുവേണ്ടിയുള്ള സമരം നയിക്കുന്നു.

ഗാന്ധിജിയും കിംഗും അക്രമരഹിതമായ പ്രതിരോധത്തില് ഊന്നല് കൊടുക്കുന്നു. ഈ സമരരീതിയില് പരസ്പരം യോജിക്കപ്പെട്ട ഒരുകൂട്ടം. പണിമുടക്കുകള്, പ്രതിഷേധങ്ങള് ബഹിഷ്കരണങ്ങള് എന്നിവ എതിരാളിയെ നേരിടാനുള്ള സമരമുറകളായി തെരഞ്ഞെടുക്കുന്നു. പലവിമര്ശകന്മാരും അവരുടെ വാദഗതികള് നിരത്തുന്ന തെറ്റിദ്ധാരണ എന്താണ് സിവില് പ്രതിരോധം എന്നറിയാത്തതുകൊണ്ടാണ് അതേ സമയം മറ്റു ചിലരുടെ സംശയം നിരായുധരായ ഒരു കൂട്ടം ജനങ്ങള്, അടിച്ചമര്ത്തപ്പെട്ടവര് ഒരു ശക്തിശാലിയായ ഭരണകൂടത്തെ വെല്ലുവിളിക്കുന്ന കഴിവിലുള്ള സംശയമാണ്. ഓരേ തരത്തിലുള്ള വെല്ലുവിളികളാണ് മുന്നില് വരുന്ന്ത്. അതില് അക്രമരഹിതമായ സമരത്തിന്റെ കഴിവില്ലായ്മ അതു എങ്ങനെ അധികാരം കേന്ദ്രീകരിച്ച ക്രമാനുഗതമായി അടിച്ചമര്ത്താന് ശ്രമിക്കുന്ന ശക്തിയ്ക്കെതിരായി പ്രതിരോധിക്കാം. 2011 ല് പ്രസിദ്ധീകരിച്ച ഒരു ഗ്രന്ഥത്തില് ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താന് ശ്രമിച്ച അന്വേഷണത്തിന്റെ ഫലമായി അപ്രതീക്ഷമായ കണ്ടെത്തിയതു അക്രമരഹിതമായ സമരമാര്ഗ്ഗങ്ങള് അക്രമത്തിലൂടെ നടത്തിയ സമരങ്ങളുടെ രണ്ടിരട്ടിയെണ്ണം വിജയം കൈവരിച്ചു എന്നാണ്. ആ സമരങ്ങളെല്ലാം ഭരണത്തിലിരിക്കുന്ന സ്വേച്ഛാധിപതികളായ ഭരണകര്ത്താക്കളെ മാറ്റി പ്രാദേശികമായി സാതന്ത്ര്യം നേടാനുള്ള സമരങ്ങളായിരിക്കുന്നു.

പലര്ക്കും ഈ കണ്ടെത്തലുകള് നിസ്സാരമാണെന്നു തോന്നും എന്നാല് അവയുടെ സ്ഥിതിവിവരക്കണക്കുകള് പരിശോധിച്ചപ്പോള് കണ്ടത് അക്രമരഹിത സമരങ്ങള് ജയിച്ചത് എതിരാളിയുടെ ഹൃദയത്തില് അനുകമ്പ ഉണ്ടായിട്ടല്ല അതിനുപരി അക്രമരഹിത സമരങ്ങള്ക്ക് ഒരു പ്രത്യേകത അതില് അവലംബിക്കുന്ന മാര്ഗ്ഗങ്ങള്ക്ക് പൊതു ജനപങ്കാളിത്തം ആകര്ഷിക്കാനുള്ള ശക്തി ഉണ്ടെന്നാണ് ശരാശരി അവ വെളിപ്പെടുത്തുന്നത് ഒരു സായുധസമരത്തേക്കാള് പതിനൊന്നുമടങ്ങ് പങ്കാളികള് ഈ സമരത്തില് ഭാഗമാകുന്നു എന്ന വസ്തുതയാണ് എതിരാളികളുടെ ഭരണത്തിനുള്ളില് നിന്നും അധികാരമാറ്റത്തിനുള്ള ഏറ്റവും ഉയര്ന്ന ഉറവിടമാണ് കൂട്ടമായ പങ്കാളിത്തം സമൂഹത്തിലെ വിവിധമേഖലകളിലെ ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്നതായതുകൊണ്ടു അധിക കേന്ദ്രീകരണത്തിനുള്ള പ്രവണതകാണിക്കുകയും അതുപോലെ സാമൂഹ്യപരിഷ്കര്ത്താക്കളും എതിരാളികളുടെ ശക്തിശാലികളായ പിന്തുണയ്ക്കുന്ന ആളുകളെ കൂടി തെരഞ്ഞെടുക്കാന് സഹായകരമാകും. അങ്ങനെയുള്ള പങ്കാളിത്തം അക്രമരഹിതമാകുമ്പോള് ഭരണാധികാരിളില് നിന്നും പാലായനം ചെയ്യിക്കാന് ആവശ്യമായ പിന്തുണ നേടുന്നു. അതിന്റെ ഫലമായി സെക്യൂരിറ്റി ജീവനക്കാര് സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിലുള്ള ആളുകള് ഭരണാധികാരികളെ സഹായിക്കുന്ന ഉദ്യോഗസ്ഥ വൃന്ദം രക്തച്ചൊരിച്ചിലിനെപ്പറ്റിയുള്ള രീതിവളരെ കുറയുന്നതുകൊണ് അവരുടെ വിധേയത്വം മാറ്റപ്പെടന്നു.

മറ്റു വാക്കുകളില് പറഞ്ഞാല് അക്രമരഹിത സമരം ശക്തിപ്രാപിക്കുന്നത് ശക്തിയുടെ മാറ്റം കൊണ്ടല്ല നേരെ മറിച്ച് അതിന്റെ സൃഷ്ടിപരവും സഹകരണവും അതിന്റെ ചേര്ച്ചയില് കിട്ടുന്ന ശക്തിയുംകൊണ്ടാണ് ഇതേ തത്വമാണ് ആല്ബര്ട്ട് ഐെന്സ്റ്റീന് ഇന്സ്റ്റിട്യൂഷന് സ്ഥാപക നേതാവ് ജിനേഷാര്പ്പ് അനേകദശകങ്ങളായി ആവര്ത്തിച്ചു പറയുന്നത് സ്വാഭാവികമായി എല്ലാ അക്രമരഹിത സമരങ്ങളും ജയിച്ചിട്ടില്ല എന്നാല് പരാജയപ്പെട്ട സമരങ്ങള് എടുത്താല് വേറെ ക്രമാനുഗതമായി തെളിവുകള് നിര്ദ്ദേശിക്കാനില്ല ആ വിപ്ലവങ്ങള് കുറെ കൂടി നല്ല രീതിയില് നടത്താന് സാധിക്കുമായിരുന്നുവെന്ന്.

ആത് 2011 ലാണ് കഴിഞ്ഞ അഞ്ചുവര്ഷമായിഅക്രമ രഹിത സമരത്തെ കുറിച്ച് നാം കൂടുതല് പഠിച്ചിട്ടുണ്ട്. അക്രമരഹിതമായസമരത്തെക്കുറിച്ചു സംശയമുള്ള ആളുകള്ക്ക് അത്ഭുതകരമായ അര്ത്ഥത്തെ ധ്വനിപ്പിക്കുന്ന രാഷ്ട്രമീമാംസയില് നിന്നെടുത്ത അനുഭവസിദ്ധമായ ചില ഉദ്ധരണികള് ചുവടെ ചേര്ക്കുന്നു.

## 1) അക്രമരഹിത സമരപ്രചരങ്ങള് വര്ദ്ധിച്ച രീതിയില് സര്വ്വ സാധാരണമാകുന്നു.

നിങ്ങള്ക്കുതോന്നാം നാം ജീവിക്കുന്നത് ഒരു സംഘര്ഷഭരിതമായ ചരിത്രസമയത്താണ് അങ്ങനെ നിങ്ങള്ചിന്തിച്ചാല് അത്ശരിയാണ് ഇന്നു നടക്കുന്ന സംഘര്ഷങ്ങള് നമ്മുടെ കാലഘട്ടത്തിന്റെ മാത്രം പ്രത്യേകതയാണ്. വളരെ പ്രാധാന്യമുള്ള സംഭവങ്ങളുടെ സമരപ്രോജക്ട് (ഡെന്വാര് യൂണിവേഴ്സിറ്റി പ്രൊഫസര് എറിക്കാ ചെനോവേത്ത് തയ്യാറാക്കിയത്) നിര്ദ്ദേശിക്കുന്നത് അക്രമരഹിത പ്രതിരോധ പ്രചാരണം ഒരു മാതൃകസമരമായി ലോകത്തെമ്പാടും കണ്ടുവരുന്നു NAVCO ഡേറ്റപ്രോജക്ട്, ഒരു പ്രത്യേക ഡേറ്റാ, സ്ഥിതിവിവരക്കണക്കുകളുടെ രേഖതയ്യാറാക്കിയത് വ്യത്യസ്ഥ ഉത്ഭവ സ്ഥാനങ്ങളില് നിന്നും സംഭവങ്ങള് ശേഖരിച്ചു പലതുംകൂട്ടിച്ചേര്ത്തും സാമ്യമുള്ള ഘടനകള് കാണിച്ചും വൈവിധ്യമാര്ന്ന സമര ഡേറ്റാസെറ്റുകള് മുഖേനയുമാണ്. എവിടെയാണോ അക്രമസമരങ്ങളുടെ തീവ്രതകണക്കാക്കുന്നത് 1000 യുദ്ധമരണത്തില് ആധാരമാക്കിയാണ് 1970 നുശേഷം ആ മരണ നിരക്ക് കുറഞ്ഞിട്ടുണ്ട് കാരണം അന്നുമുതലുള്ള സമരങ്ങള് പ്രാഥമികമായും ആശ്രയിച്ചത് റോക്കറ്റ് വേഗത്തില് വര്ദ്ധിച്ചു വരുന്ന അക്രമരഹിത സമരങ്ങളിലായിരുന്നു. താഴെയുള്ള കണക്കുകള് പരിശോധിക്കുക. ഈ കണക്കുകള് പ്രത്യേകമായി ഉറച്ചഡിമാന്റുകളുള്ള സമരപ്രചരണങ്ങളെ, അതായത് അവയുടെ ലക്ഷ്യം ഭരണത്തിലിരിക്കുന്ന നേതൃത്വത്തില് നിന്നും അധികാരത്തില് നിന്നും മാറ്റി പ്രാദേശികമായി സ്വതന്ത്ര്യം സ്ഥാപിക്കുക അഥവാ

വിദേശാധിപത്യം അവസാനിപ്പിക്കുക വിദേശ കോളനി അവസാനിപ്പിക്കുക എന്നതാണ്.

ഈ ദശകത്തിന്റെ ആദ്യത്തെ അഞ്ചു വര്ഷങ്ങളില് മാത്രം നാം കൂടുതല് അക്രമരഹിത സമരപ്രചരണം 1990 കളില് മുഴുവന് കണ്ടില്ല 2000 ങ്ങളിലും അത്രത്തോളം തന്നെയാണ് കാണാന് സാധിച്ചത്. നമ്മുടെ ദശകമാണ് സമരങ്ങളുടെ ദശകം എന്ന ട്രാക്ക് റിക്കാര്ഡ് നേടിയത്.




## 2) അക്രമരഹിത പ്രതിരോധ സമരപ്രചരണങ്ങള് സര്വ്വസാധാരണമായെങ്കിലും അവയുടെ സമ്പൂര്ണ്ണമായ വിജയനിരക്ക് കുറഞ്ഞിട്ടുണ്ട്

ലക്കില്ലാത്ത അക്രമരഹിത സമരപ്രചരണങ്ങളുടെ വര്ദ്ധവനവുണ്ടായിട്ടും, നമ്മള് കാണുന്നത് ഒരു താഴേക്കുള്ള ചരിവാണ്. 1990 കളില് അക്രമരഹിതസമരങ്ങളുടെ വിജയം അതിന്റെ ഉച്ചസ്ഥാനത്തെത്തിച്ചേര്ന്നു എന്നാല് ഈ ദശകത്തില് വിജയത്തിന്റെ നിരക്കില് അക്രമരഹിത സമരങ്ങള് കിഴുക്കാം തൂക്കായ ഒരു പതനം കാണാന് കഴിയും ഇതിന് അതിന്റേതായ

ചിലകാരണങ്ങള് ഉണ്ട് <u>ഒന്നാമതായി</u> സര്ക്കാര് പ്രതിയോഗികള് താഴെനിന്നുള്ള പരിവര്ത്തനങ്ങളും വെല്ലുവിളികളും പഠിക്കുന്നു. അനേകം ദശകങ്ങള്ക്കുമുമ്പ് താഴേക്കിടയിലുള്ള ജനങ്ങള് അവര്ക്ക് അവരുടെ ഭരണത്തിന് വെല്ലുവിളിയായിത്തീരുമെന്നതിനെ വിലകുറച്ചുകണ്ടു. ഇപ്പോള് അക്രമരഹിത ബഹുജന മുന്നേറ്റം ഒരു വലിയ വെല്ലുവിളിയായക്കാണുന്നു. അവരുടെ വിഭവം പൊതുജനമുന്നേറ്റത്തെ തടയാന് ഉപയോഗിക്കുന്നു. ബ്രൂസ് ബ്യുനോ ജി. മെസ്ക്വിറ്റായും അലാസ്റ്റെയര് സ്വത്തും (Bruce Bueno de Mesquita and Alastair Smith) ചേര്ന്നെഴുതിയ പുസ്തകം Dictator's Hand book പ്രതിപാദിക്കുന്നത് വളരെ ശാന്തമായ അടിച്ചമര്ത്തല് സമരം ആരംഭിക്കുമ്പോള് ചെയ്യാം ഈ പ്രതിഭാസം വളരെ പണ്ഡിതോചിതമായ പഠനം അറ്റലാന്റിക് കൗണ്സിലെ ഏകാധിപത്യത്തിന്റെ ഭാവി എന്ന പ്രോജക്ടിന്റെ കേന്ദ്ര ബിന്ദുവാണ്. ഇതിനെ സ്മിത്ത് കോളേജിലെ മിഡില് ഈസ്റ്റ് സ്റ്റഡീസ് കെച്ചാം ചെയര് സ്റ്റീഫന് ഹൈഡേമാന് ഏകാധിപത്യം 2.0 എന്നതിന്റെ ഒരു വികസിച്ച രൂപമാണ്.

**രണ്ടാമതായി** വിപ്ലവകാരികള് അക്രമരഹിത സമരമാര്ഗ്ഗങ്ങളിലെ രീതിയെക്കുറിച്ച് ലോകത്തെമ്പാടുമുള്ള സമകാലീന സമരങ്ങളില് നിന്നും തെറ്റായ പാഠങ്ങള് പഠിക്കാം ഉദാഹരണമായി ഒരാള് ഇപ്രകാരം ചിന്തിക്കാന് പ്രേരിപ്പിക്കപ്പെടും അത് ഇപ്പോള് കിട്ടുന്ന വാര്ത്തകളെ ആധാരമാക്കിയാണ് 2010, 2011 ല് ട്യുണീഷ്യയില് നടന്ന പൊതുപ്രകടനവും പണിമുടക്കുകളും അതായത് മൂന്നാഴ്ചത്തെ പ്രകടനം ഒരു ഏകാധിപതിയുടെ പതനത്തില് കലാശിച്ചു. പക്ഷേ അവര് മനസ്സിലാക്കുന്നില്ല ട്യുണീഷ്യയുടേത് ഒരു പ്രത്യേകചരിത്രമാണ് അവിടുത്തെ ശക്തിയുള്ളതും സംഘടിതവുമായ ഒരു തൊഴിലാളി പ്രവര്ത്തനമുണ്ടായിരുന്നു. അവര് വിപ്ലവത്തെ പൂര്ണ്ണമായും പിന്തുണച്ചു. പൊതുപണിമുടക്ക് ട്യൂണീഷ്യന് സമ്പദ് വ്യവസ്ഥയെ തകിടംമറിച്ചു. വ്യവസായ പ്രമുഖര് പ്രസിഡന്റ് സിനേ - എല് - അബിഡൈന് ബൈന്നിനുള്ള പിന്തുണ പിന്വലിച്ചു. സെക്യൂരിറ്റി സൈന്യം ആട്ടോമാറ്റിക് ആയുധമുപയോഗിച്ച് സമരത്തെ അടിച്ചമര്ത്താന് കൊടുത്ത പ്രസിഡന്റിന്റെ ആജ്ഞ അനുസരിച്ചില്ല ഇത് സ്വാഭാവികമാണ് അതായത് വിപ്ലവകാരികള് സമാനസ്വഭാവങ്ങളുള്ള സാഹചര്യങ്ങളില് നിന്നും പ്രചോദനം

ഉള്ക്കൊണ്ടുസമരം നയിക്കാന് ശ്രമിക്കും അതു സാധാരണ പരാജയത്തില് കലാശിക്കും ഉദാഹരണമായി ടെക്സാസ് യൂണിവേര്സിറ്റി യിലെ കുര്ട്ട് വേലാന്ഡ് സൂചിപ്പിക്കുന്നത്. അക്രമാസക്തമായ സമരത്തിന്റെ തിരമാലകള് ഈ ആമുഖത്ത് ആഞ്ഞടിക്കുമ്പോള് 1848 ലെ ഫ്രഞ്ചു ചക്രവര്ത്തിയ്ക്കെതിരായി വിമതര് പ്രാരംഭത്തില് സമരത്തെ തന്ത്രപരമായി നേരിടാന് ശ്രമിച്ചത് താരതമ്യേന നല്ല സജ്ജീകരണങ്ങളുള്ള കൂടുതല് വിഭങ്ങള് സമാഹരിച്ച രാജാവിനെ സഹായിക്കാന് മാത്രമാണ് സാധിച്ചത് തീര്ച്ചയായും അതു വ്യത്യസ്ഥ രീതിയില് പ്രതിയോഗിക്കുകയായിരുന്നു. രണ്ടാമതായി വിപ്ലവം പൊട്ടിപ്പുറപ്പെടുമ്പോള് രാജാവിന്റെ പക്ഷം പ്രതീക്ഷിച്ചത് വിപ്ലവകാരികള്
പ്രതിയോഗികളെ പലഗ്രൂപ്പുകളായി വിഭജിച്ച് അവര്ക്ക് അനുകൂലമാക്കിത്തീര്ക്കാന് സാധിച്ചു. നാം ഇന്ന് അത്തരത്തിലുള്ള ചഞ്ചലമായ സഹായികളും പില്ക്കാലത്തുണ്ടാകുന്ന വിപ്ലവങ്ങളും പ്രാദേശിക തിരമാലകളില് വ്യതിചലിക്കുന്നുതായും കാണാം.

## 3) എങ്ങനെയായാലും വിശ്വസിച്ചാലും ഇല്ലെങ്കിലും അക്രമരഹിത സമര പ്രചാരണങ്ങള് ഇപ്പോഴും രക്തരൂക്ഷിതമായ സമരങ്ങളേക്കാള് എളുപ്പത്തില് വിജയിപ്പിക്കാം.

അക്രമസമരങ്ങളെ മോശമായാണ് വിലയിരുത്തിയിട്ടുള്ളത് പരിപൂര്ണ്ണമായ വിജയത്തിന്റെ നിലവാരം 1960 നുശേഷമുള്ള സമരങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തണം. 1900 മുതല് 2015 വരെയുള്ള അക്രമരഹിതസരങ്ങളുടെ പ്രചരണം കണക്കാക്കിയാല് അക്രമരഹിത സമരങ്ങള് 51 ശതമാനവും അക്രമസമരങ്ങള് 27 ശതമാനവും വിജയിച്ചു. ഈ ദശകത്തിന്റെ മാത്രം സമരങ്ങളുടെ കണക്കെടുത്താല് 30 ശതമാനം അക്രമരഹിതസമരങ്ങളും 12 ശതമാനം അക്രമത്തില ധിഷ്ഠിതമായ സമരങ്ങളും വിജയിച്ചു ഇതിന്റെ അര്ത്ഥ വിജയം കണക്കാക്കിയാല് അക്രമരഹിത സമരങ്ങളും അക്രമസമരങ്ങളും തമ്മിലുള്ള വിടവ് ശരാശരിയെക്കാള് ഇപ്പോള് യഥാര്ത്ഥത്തില് വലുതാണ്.

## 4) ഹിംസാത്മകമായ സേനാപാര്ശ്വം മാതൃകാപരമായി അക്രമരഹിത ജനമുന്നേറ്റത്തിനു അസൗകര്യപ്രദമാണ്.

2011 മുതല് സമൂഹത്തിന്റെ മുന്നിലുള്ള ചൂടേറിയ ഒരു വിഷയം അല്പം അക്രമം പ്രാഥമികമായി നിരായുധരായ ഒരു സമരപ്രചരണത്തനെതിരായി പ്രയോഗക്കുന്നത് ഒരു അക്രമരഹിത സമരപ്രചരണത്തെ സഹായിക്കുമോ അതോ മുറിവേല്പ്പിക്കുമോ എന്നതാണ്. ഈ ചോദ്യം അമേരിക്കയില് നടന്ന പല ചര്ച്ചകളിലും തന്ത്രങ്ങളുടെ വൈവദ്ധ്യം എന്ന് പലപ്പോഴും ചര്ച്ച ചെയ്തിട്ടുള്ളതാണ്. എന്നാല് അകരമരഹതവും, അക്രമപൂര്ണ്ണവും രണ്ടും കൂടി ചേര്ന്നതുമായ സമരരീതികള് പല സമരങ്ങളിലും സര്വ്വസാധാരണമായി കാണപ്പെടുന്നു. വിവിധ അവകാശ വാദങ്ങള് അനുകൂലമായും പ്രതികൂലമായും, പണ്ഡിതന്മാര്, നിരീക്ഷകര് വിപ്ലവകാരകളും ഒരുപോലെ നിരത്തുന്നെങ്കിലും ഈ ചോദ്യം അതിശയകരമായി വളരെക്കുറച്ച് പ്രയോഗികമായ വിലയരുത്തല് മാത്രമാണ് ഈയടുത്ത കാലംവരെ നടന്നിട്ടുള്ളത്.

ഈയടുത്തകാലത്ത് റട്ട്ഗേള്സ് യൂനിവേര്സിറ്റിയിലെ ചെനോവേത്തും കര്ട്ട്ഷോക്കുംചേര്ന്ന പ്രസിദ്ധീകരിച്ച പടയൊരുക്കം എന്ന ലേഖനത്തില് താരതമ്യേന കിട്ടിയസ്ഥിതി വിവരകണക്കുകള് നിരത്തി പരിമിതമായ രീതിയില് ഹിംസാപ്രവര്ത്തനം ഉപയോഗിക്കാമെന്നുപറയുന്നു. അവര് കണ്ടെത്തിയത് സായുധ സൈനപാര്ശ്വം അല്പം കാലത്തേക്ക് നടപടി ലക്ഷ്യം കാണുന്നതു അവ മീഡിയായുടെ ശ്രദ്ധ ആത്മരക്ഷയെക്കുറിച്ചുള്ള അവബോധനം പ്രതിയോഗികളുടെ സാംസ്കാരികശിഥിലീകരണം ഉത്പതിഷ്ണുക്കളായ അംഗങ്ങളെ സൃഷ്ടിക്കുക കഠിനാദ്ധ്വാനത്തിലൂടെ ശുദ്ധീകരണം നടത്തുക എന്നീ പ്രക്രീയകള്ക്കുള്ള സാദ്ധ്യതകാണുന്നു. എന്നാല് സായുധരായ സൈന്യ പാര്ശ്വം അല്പം കാലത്തേക്ക് നടപടി ലക്ഷ്യം കാണുന്നത് അവ മീഡിയായുടെ ശ്രദ്ധ ആത്മരക്ഷയെക്കുറിച്ചുള്ള അവബോധനം പ്രതിയോഗികളുടെ സാംസ്കാരിക ശിഥിലീകരണം ഉല്പതിഷ്ണുക്കളായ അംഗങ്ങളുടെ സൃഷ്ടിക്കുക കഠിനാദ്ധ്വാനത്തിലൂടെ ശുദ്ധീകരണം നടത്തുക എന്നീപ്രക്രീയകള്ക്ക് സാദ്ധ്യതകാണുന്നു. എന്നാല് സായുധരായ സൈന്യം പാര്ശ്വം

മൗലീകമായി ദീര്ഘകാല തന്ത്രപരമായ ലക്ഷ്യത്തെ വിലകുറച്ചുകാണുന്നു. സംരക്ഷിക്കുകയും വര്ദ്ധിച്ചു വരുന്നതും വിപുലവും വൈവിദ്ധ്യവുമായ ജനപങ്കാളിത്തത്തിന്റെ അടിത്തറ മൂന്നാംകക്ഷിയില്പ്പെട്ട ആളുകളുടെ വര്ദ്ധിച്ചു വരുന്ന ജനപിന്തുണ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ വിശ്വസ്തതയുടെ കൂറുമാറ്റം അവര് തെളിവ്ക ണ്ടെത്തുന്നത് സായുധസൈന്യ പങ്കാളിത്തം മൂലം മൗലീകമായി വളരെകുറച്ചു പങ്കാളിത്ത നിരക്ക്, ഐക്യരൂപമുള്ള പങ്കാളിത്തം ഒന്നാമതായി പ്രധാന സൗകര്യങ്ങളെ അതായത് അക്രമരഹിത പ്രതിരോധത്തിന്റെ പ്രയോജനങ്ങളെ വിലകുറച്ചു കാണിക്കുന്നു. വേറൊരുപഠനത്തില് കാണുന്നത് സായുധസേനാപാര്ശ്വം അടിച്ചമര്ത്താനുള്ള രാഷ്ട്രത്തിന്റെ പ്രവണതയെ വര്ദ്ധിപ്പിക്കുന്നു. അതിന്റെ ഫലമായി ജനപങ്കാളിത്തം കുറയുന്നു. ഇപ്രകാരം സേനാപാര്ശ്വം യാതൊരുതരത്തിലും അക്രമരഹിത സമരത്തെ ജയിക്കാന് സഹായിക്കുകയില്ല.

പ്രിന്സിടണ് യൂനിവേര്സിറ്റിയിലെ ഒമര്വാസോ അക്രമരഹിത സമരങ്ങളുടെ അക്രമപൂര്ണ്ണമായ സമരങ്ങളുടെയും രാഷ്ട്രീയമായ പ്രഭാവങ്ങളെക്കുറിച്ചുള്ള കൂടുതല് തെളിവു നല്കുന്നുണ്ട് 1960 കളില് അമേരിക്കയില് കറുത്തവര്ഗ്ഗക്കാര് നടത്തിയ പ്രതിഷ്ഠധനസമരങ്ങളിലെ ഉദ്ദേശശുദ്ധിയുടെ സ്ഥിതിവിവരക്കണക്കുകള് ഉദ്ധരിച്ചുകൊണ്ട് വാസോവിശ്വസനീയമായ രീതിയില് ചൂണ്ടിക്കാണിക്കുന്നത്. ഉയര്ന്ന നിലവാരത്തിലുള്ള ജനപിന്തുണ നേടും കാരണം അമേരിക്കയുടെ പ്രാഥമികമായ പരിഗണന പൊതുജനതാത്പര്യമാണ് നേരെ മറിച്ചു ഉയര്ന്ന തീവ്രതയിലുള്ള ഹിംസാ സമരങ്ങള് പിന്തുണ നേടുന്നത് നിയമസംരക്ഷണത്തിനുവേണ്ടിയുള്ള പോലീസ് അടിച്ചമര്ത്തലാണ്. 1965 കള്ക്ക് ശേഷം അക്രമാസക്തമായ സമരങ്ങള് വര്ദ്ധിച്ചുവരുകയും സിവില് അവകാശങ്ങളോടുകാണിച്ച പൊതുജനപിന്തുണ പോലീസിന്റെ അടിച്ചമര്ത്തലിലേക്ക് കൂറുമാറി ഇത് വെളിവാക്കിയത് സമരത്തിനു പൊതുജനങ്ങള് എന്ന പിന്തുണയ്ക്കുന്ന സ്തംഭങ്ങളെ സഹായിക്കാനും സമരത്തിനെതിരായ വികാരം വളര്ത്താനും സാധിച്ചു. പൊതുജനാഭിപ്രായത്തിനു ഹ്രസ്വകാലത്തേക്ക് മാത്രമല്ല ദീര്ഘകാലത്തേക്കും പ്രാധാന്യമുള്ളതായത്തീര്ന്നു. വാസാകണ്ടെത്തിയത് ലാ ആന്റ് ഓര്ഡര് റിപ്പബ്ളിക്കന് പാര്ട്ടിക്ക് കിട്ടുന്ന വോട്ടുകളുമായി ബന്ധപ്പെട്ടിരിന്നു. വ്യത്യസ്ഥമായ

സമരങ്ങള്ക്ക് നീണ്ടു അമേരിക്കന് രാഷ്ട്രീയമായ പ്രഭാവം അമേരിക്കന് രാഷ്ട്രീയത്തിലുണ്ടെന്നാണ്.

## 5) അക്രമരഹിതസമരങ്ങള് വര്ദ്ധിച്ച രീതിയില് പ്രവചനാതീതമാണ്

സോഷ്യളജി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് സാമൂഹ്യ പ്രസ്ഥാനങ്ങളും പ്രതിഷേധസമരങ്ങളുമായി ബന്ധപ്പെട്ടത്. ഉത്തമപരിമാണ് (Maximalist) അക്രമരഹിത പ്രതിരോധസമരസംഘാടനം അല്പം വ്യത്യാസമുള്ളതാണ് അത് മുന് വിധിയോടുകൂടി പരിഗണിക്കുന്ന. ഒരുസംഘര്ഷഭരിതവും ഒന്നിനു പിറകേ ഒന്നായി വരുന്ന കുറേ സംഘടനകള് അതിനെ ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്രീകൃതവുമായ സര്ക്കാര് എന്നപ്രതിയോഗികള്ക്ക് എതിരായ അടിസ്ഥാനപരമായി നിലവിലുള്ള സ്ഥിതി (Status 940) യില് മാറ്റംവരുത്താനുള്ള അക്രമരഹിത സമരമാണ് അക്രമരഹിത സമരങ്ങളുടെ കാരണങ്ങളെക്കുറിച്ചുള്ള പഠനം കുറെ പരസ്പരബന്ധമുള്ള ഘടകങ്ങളെ പരാമര്ശിക്കുന്നു. അവ ഉല്പ്പാദവണ്ഡം (Butcher & Svensson 2014) വികാരങ്ങള് (Pearlman 2013) ഭൂമിശാസ്ത്ര പരമായ സാമിപ്യം (Gleditsch & Rivera 2015) പ്രതിഷേധ സമരങ്ങളുടെ ചരിത്രം (Braithwaite, Braithwaite, & Kubik 2015)

2015 ല് ചെന്നോവെത്തും ജാ ഉല്ഫെല്ഡര് (Chenoweth & Jay Ulfelder) അനേക പ്രതിരോധ സമരങ്ങളെ വിലയിരുത്തിയതിനുശേഷം കുറെ തത്വങ്ങള് പ്രതിപാദിച്ചു. അതില് ചിവവയ്ക്ക് കൃത്യമായി അക്രമരഹിതസമരം ഉണ്ടാകാന് സാദ്ധ്യതയുണ്ടെന്നും പ്രവചിക്കാന് സാധിച്ചു. സായുധസമരം പോലെയോ പട്ടാള അട്ടിമറി സമരം പോലെയോ ഉള്ളസമരങ്ങളെ ശ്രമിക്കുന്നതില് പണ്ഡിതന്മാര് വളരെ പാണ്ഡ്യത്യം കാണിക്കുന്നുണ്ട്. എന്നാല് അക്രമരഹിത സമരം എവിടെ എപ്പോള് വേണമെങ്കിലും സംഭവിക്കാം. അതു സാധാരണ സംഭവിക്കുന്നത് എവിടെയാണോ പണ്ഡിതന്മാരുടെ അഭിപ്രായത്തില് ആളുകളെ സംഘടിപ്പിക്കാന് വളരെ പ്രയാസമേറിയതും. എന്നാല് അതു വ്യക്തമല്ല എന്നു അവരെ തുടങ്ങാന് സഹായിക്കും എങ്ങനെ അവരെയെല്ലാം സംഘടിപ്പിക്കാന് സാധിക്കും. ചെനോവത്തും ഉല്ഫെല്ഡറും ഉപസംഹരിക്കുന്നത് ജനങ്ങളുടെ ശക്തിയി ഉടലെടുക്കുന്ന സമരങ്ങള് കേവലം

യാദൃശ്ചികം എന്ന തുടര്ച്ചയുള്ളതും പ്രവചനത്തിന്റെ രീതികള് സ്ഥതി വിവരകണക്കുകള് എന്നിവയ്ക്ക് അവയുടെ കാരണങ്ങളെ ചൂണ്ടികാണിക്കാന് വളരെ പ്രയാസമേറിയതുമാണ്. ഇതിനെ വിശദികരിക്കാനുള്ള വേറൊരുമാര്ഗ്ഗം. ജനങ്ങള് ആരാണോ അക്രമരഹിതസമരങ്ങള് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാന് ക്രിയാത്മാകമായരീതികള് മുന്നേറിയും പ്രതീക്ഷകളെ അവഗണിച്ചുംഅത് ഒരു അവസാനലക്ഷ്യത്തിച്ചേരുന്നു.

## 6) അടിച്ചമര്ത്തല് എല്ലാ വിമത പ്രചാരണവും വെല്ലുവിളിക്കുക എന്നാല് അത്യാവശ്യമായി അക്രമരഹിതസമരമോ അതിന്റെ ഫലങ്ങളോ മുന്കൂട്ടി തീരുമാനിക്കാന് സാധിക്കില്ല

നമ്മുടെയെല്ലാം പൊതുവായ ഭേദഗതി അക്രമരഹിത പ്രതിരോധനസമരം ഉണ്ടാകാനും അതു വിജയിക്കാനും സാധ്യതയേറുന്നത് പ്രതിരോധം ചെയ്യേണ്ടവര് വളരെ സൗമ്യമായ രീതിയില് അഭിമുഖീകരിക്കുന്നിടത്തുമാത്രമാണ്. എന്നാല് എപ്പോഴാണോ പ്രതിയോഗി തന്നെ സമീപനം മാറ്റുന്നത് അപ്പോള് അക്രമരഹിതസമരം അസാധ്യമായിത്തിരും. ഞങ്ങള് ഈ കാര്യങ്ങള് 2011 ലെ ഞങ്ങളുടെ ഗ്രന്ഥത്തില് പ്രതിപാദിച്ചിട്ടുണ്ട് എന്നാല് ഈയടുത്തകാലത്തു നടത്തിയ പഠനം പ്രധാനചോദ്യത്തെക്കുറിച്ചു സംസാരിക്കുന്നു. വെന്ഡി പേള്മാന് അവരുടെ പാലസ്തീയന് ദേശിയസമരത്തെക്കുറിച്ചുള്ള ക്രിസറ്റഫര് സഞ്ചിവന്റെ പുസ്തകം വെളിവാക്കുന്നു. ഇതേതരത്തിലാണ് സിറിയയില് ബാഷര് അല് അസാദിന്റെ ഭരണം മൃഗീയവും കണക്കുകൂട്ടിയുള്ള നരഹത്യയാണ് അക്രമരഹിത സമരക്കാര്ക്കെതിരെ ഡെറാറായില് മാര്ച്ച് 2011 ല് അരങ്ങേറിയത് ഇതു ഒരു മരവിക്കുന്ന ഓര്മ്മയാണ് അക്രമരഹിതസമരം ജയിക്കുകയും ഉടന്തന്നെ പരാജയപ്പെടുകയും ചെയ്യുന്നു. പൊതു ജനംകൂട്ടുമായി സമരമുഖത്ത് എത്തിച്ചേരുമ്പോള് ഇത് പ്രവചനാതീതമാണ് അടിച്ചമര്ത്തല് മുഖമുദ്രയാക്കിയ ഉദ്യോഗസ്ഥ വൃന്ദത്തിനു അവരുടെ അനുയായികളുടെ പൂര്ണ്ണപിന്തുണ സമാര്ജ്ജിക്കാനുള്ള പ്രേരണ നല്കാന് സാധിക്കില്ല. അതു അസാദ്ധ്യമായിത്തീര്ന്ന അവസ്ഥയിലാണ് സിറിയയില് കണ്ടത് ഉടന്പ്രസിദ്ധീകരിക്കുന്ന ലിയോസ്മിത്തിയും ലെസ്റ്റര് കര്ട്ടസും

ചേര്ന്നെഴുതിയ ഗ്രന്ഥത്തില് പ്രതിപാദിക്കുന്നത് നിരായുധരായ പ്രകടനകാര്ക്ക് എതിരായി അടിച്ചമര്ത്തല് തുടങ്ങിയാല് അതുപരാജയത്തില് കലാശിക്കും. ഇതിന്റെ അനന്തരഫലം ധാര്മ്മികമായ രോഷം, കൂടുതല് പങ്കാളികളെ സമരമുഖത്ത് എത്തിക്കുക, സമരത്തിന് മൂന്നാംകക്ഷികളുടെ പിന്തുണ വര്ദ്ധിച്ചുവരും അതിനുപരി സെക്യൂരിറ്റി സൈന്യത്തിന്റെ കൂട്ടായകാലുമാറ്റം യഥാര്ത്ഥത്തില് അടിച്ചമര്ത്തല് അക്രമരഹിത സമരത്തിന് മതിയായകാരണമാകാം അതു ഒരിക്കലും സമരത്തിന്റെ പരിസമാപ്തിയല്ല. അക്രസമരങ്ങളെ ഭീകരമായി നമുക്ക് അനുഭപ്പെടുന്നതിന് ഒരു ഉദാഹരണമാണ് എമ്മറ്റ് റ്റില്ലിന്റെ കൊലപാതകം ഒര്മ്മയില് വരുന്നത് അതിന്റെ അനന്തരഫലമായി അമേരിക്കയില് സമരത്തെ പിന്തുണയ്ക്കുന്നവരുടെ സംഖ്യക്രമാതീതമായി വര്ദ്ധിച്ചു. അനുകൂലവും സിവില് അവകാശസമരങ്ങളില് പങ്കെടുക്കുന്നവരുടെ എണ്ണവും കൂടി.

ഈ സന്ദര്ഭത്തില് മാര്ട്ടിന് ലൂതര്കിംഗ് (ജൂനിയര്) ബ്രിമ്മിംഗ് ഹാം ജയിലില് നിന്നെഴുതിയകത്ത് വളരെ സാന്ദര്ഭികപ്രാധാന്യമുള്ളതാണ് ബ്രിമ്മിംഹ് ഹാം ജയിലില് നിന്നെഴുതിയ കത്തിലെ പൂര്ണ്ണരൂപം താഴെ ചേര്ക്കുന്നു. പ്രിയസുഹൃത്തുക്കളെ ഞാന് നിങ്ങളോടു പറയുന്നത് തീരുമാനിച്ചതും നിയമപരമല്ലാത്തതുമായ യാതൊരുസിവില് അവകാശവും അക്രമരഹിത സമ്മര്ദ്ദത്തിലൂടെ നാം നേടിയിട്ടില്ല. വേദനാജനകമായ ഒരു ചരിത്രസത്യമാണ് അതായത് പ്രത്യേക അവകാശം നേടിയ കൂട്ടര് അവര് സ്വമേധയ നേടിയെടുത്ത പ്രത്യേക അവകാശം ഒരിക്കലും ഉപേക്ഷിക്കുകയില്ല. വ്യക്തിപരമായി അവര് ഓരോരുത്തരും ധാര്മ്മികവെളിച്ചത്തില് അതിനെ കാണുന്നു പക്ഷേസ്വമേധയാ ആ അനീതി നിറഞ്ഞ അവരുടെ അവസ്ഥ ഉപേക്ഷിക്കുകയില്ല റിന്ഹോള്ഡ് നീബര് നമ്മളെ ഓര്മ്മിപ്പിക്കുന്നത് വ്യക്തികളെക്കാള് ഗ്രൂപ്പുകള് കൂടുതല് അധാര്മ്മികതവെച്ചുപുലര്ത്തും. വേദന നിറഞ്ഞ അനുഭവത്തിന്റെ വെളിച്ചത്തില് നമുക്ക് അറിയാം സ്വമേധയാല് ഒരു അടിച്ചമര്ത്തുന്ന സമൂഹം സ്വാതന്ത്ര്യം അടിച്ചമര്ത്തപ്പെട്ടവന് കൊടുക്കുകയില്ല അത് അവര് ആവശ്യപ്പെട്ടുനേടിയടുക്കണം.

കിംഗ് ഇവിടെ ഓര്മ്മിപ്പിക്കുന്നത് ധാര്മ്മികവും പ്രായോഗിക തലത്തിലുമുള്ള ഒരു അക്രമരഹിത പ്രതിരോധത്തെയാണ്. എന്നാല് ജോനഥന് റീഡര്ന്റെ ബ്രിമ്മിംഗ്ഹാം കത്തിനെകുറിച്ചുള്ള

പുസ്തകത്തില് ചെയ്യുന്നതുപോലെ കിംഗിന്റെ പ്രായോഗികതയെ വിലയിടിച്ചു കാണിക്കുന്നില്ല. ഇത് ഉയര്ന്നുവരുന്ന ഒരു പ്രതിഭാസമാണ്. അക്രമരഹിത പ്രതിരോധസമരമുറയെക്കുറിച്ചു കൂടുതല് പഠിക്കേണ്ടതായിട്ടുണ്ട്. ഇത് സാമൂഹ്യശാസ്ത്രത്തിനുള്ളില് ഉയര്ന്നു വരുന്ന ഗവേഷണത്തിനു യോഗ്യമായ ഒരു വിഷയമാണ് അടിച്ചമര്ത്തലിനെ എതിരിടാന് ആഗ്രഹിക്കുന്ന എല്ലാവര്ക്കും ഇതിനെകുറിച്ചുള്ള ക്രമാനുഗതമായ ഗവേഷണത്തില് നിന്നും പ്രയോജനം നേടാം. എങ്ങനെ എപ്പോള് എതുരീതിയില് വ്യത്യസ്ഥമായ സന്ദര്ഭങ്ങളില് അക്രമരഹിത സമരം നടത്താം നയങ്ങള് രൂപീകരിക്കുന്നവര് ഏകാധിപത്യസ്വഭാവമുള്ള സര്ക്കാരുകളില് നിന്നും വെല്ലുവിളി നേരിടുന്നതു പൊതുജനങ്ങളുടെ അധികാരത്തിനു വേണ്ടിയുള്ള ഉയര്ത്തെഴുന്നേല്പ്പ് സര്ക്കാരുകളെ ദുര്ബലപ്പെടുത്തുന്നത് അക്രമം അത് തീവ്രമായിത്തീരുന്നത് എല്ലാം ഗാഢമായി മനസ്സിലാക്കാന് എന്തുകൊണ്ട് അല്ലെങ്കില് എങ്ങനെ അക്രമരഹിത സമരങ്ങള് വിജയിക്കുന്ന അതിനെ ശക്തിയായി പിന്താങ്ങുന്നവര് ഏതെല്ലാം ഉപാധികളാണ് മുന്നോട്ടുവയ്ക്കുന്നത്.
ആ ദശകത്തില് എന്നത്തേക്കാള് കൂടുതല് ജനങ്ങള് അക്രമരഹിത സമരങ്ങളെ ആശ്രയിക്കുന്നു.

ഒരു പുതിയ മാര്ഗ്ഗം തുറന്നുകിട്ടാന് പണ്ഢിതന്മാരും സാമൂഹ്യപ്രവര്ത്തകരും ഒരുപോലെ ബന്ധപ്പെടേണ്ടത് ഗാന്ധിജിയുടേയും കിംഗിന്റെയും തത്വാധിഷ്ഠിത ബുദ്ധിയിലാണ്.

(എറിക്കാചെനോവേത്ത് ഡെന്വാര് യൂണിവേര്സിറ്റിയില് ജോസഫ് കോര്ബെല് സ്കൂള് ഓഫ് ഇന്റര്നാഷ്ണല് സ്റ്റഡീസില്പ്രൊഫസറാണ്. അവരും മറിയാ ജെസ്റ്റീഫനും കൂടെ ചേര്ന്നുള്ള ബ്ലോഗ്ഗ് ആണ്. The blog Political Violence @ a Glance. അവര് യു.എസ് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് പീസല് സീനിയര് ഫെലോ ആണ് അറ്റലാന്റിക് കൗണ്സിലില് നോണ് റെസിഡന്റ് കോ ഫെലോ ആണ്.)